'ശ്രദ്ധ' പദ്ധതിയുടെ പ്രയോജനങ്ങൾ

*24 [54] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

,, കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണത്തിനായി ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 'ശ്രദ്ധ' എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാന എനർജി മാനേജ്മെന്റ് സെന്റർ വൈദ്യുതി സംരക്ഷണത്തിനായി താഴെ പറയുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഗാർഹികാവശ്യത്തിനായുള്ള വൈദ്യുതോപയോഗം കുറയ്ക്കുന്നതിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. വ്യാവസായികാവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജാ സൂത്രണം, ഊർജ്ജ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുകയും ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ഓഫീസുകളിലും മറ്റ് കെട്ടിട സമുച്ചയങ്ങളിലും വിവേകപൂർണ്ണമായ വൈദ്യുതോപയോഗം സാധ്യമാക്കുന്നതിന് പ്രീ-പെയ്ഡ് മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഓഫീസുകളിലും മറ്റും വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കുന്നതിനു വേണ്ടി 'ശ്രദ്ധ' എന്ന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) വൈദ്യുതോർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു കർമ്മ പദ്ധതിയാണ് 'ശ്രദ്ധ'. ഈ പദ്ധതിയിൽ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ആദ്യപടിയായി 'ശ്രദ്ധ' സർക്കാർ ഓഫീസുകളെ കേന്ദ്രീകരിച്ചു പ്രവർത്തിക്കാനുദ്ദേശിക്കുന്നു. ഊർജ്ജ സംരക്ഷണത്തെപ്പറ്റി ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടത്തുക, ഊർജ്ജ സംരക്ഷണ വിളക്കുകൾ ഉപയോഗിക്കുക, പ്രത്യേക മീറ്ററുകൾ സ്ഥാപിക്കുക, സ്വിച്ചുകൾ സൗകര്യപ്രദമായി സ്ഥാപിക്കുക, കാര്യക്ഷമമായ വൈദ്യുതി സംരക്ഷണ പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് ഈ പരിപാടിയിലൂടെ നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി സംരക്ഷണത്തിലൂടെ വൈദ്യുതിയുടെ ലഭ്യത കൂട്ടുന്നതിനും വൈദ്യുതിച്ചെലവ് കുറയ്ക്കുന്നതിനും സാധിക്കുന്നു.

വൈദ്യുതി ബോർഡിന്റെ മൊത്ത വരുമാനത്തിന്റെയും ആവശ്യകതയുടെയും വിശദാംശം

*25 [55] ശ്രീ. പി. സി. ജോർജ് :

,, പി. ജയരാജൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് മുന്നിൽ 2004-05 സാമ്പത്തിക വർഷത്തേക്കുള്ള മൊത്ത വരുമാന ആവശ്യകത സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വരുമാനവും ആവശ്യകതയും തമ്മിൽ എത്ര രൂപയുടെ വ്യത്യാസമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രാബല്യത്തിൽ വന്ന നിരക്കുവർദ്ധനവുകൾ വിവിധ സേവന ചാർജുകളുടെ വർദ്ധനവുകൾ, മീറ്റർ വാടക, ലൈൻ വാടക എന്നിവ വഴി 2004-05 സാമ്പത്തിക വർഷം എത്ര രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതു വഴിയും ഡി. എ. ഗഡുകൾ അനുവദിക്കാത്തത് വഴിയും തസ്തികകൾ വെട്ടിക്കുറച്ചതു വഴിയും 2003-04 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ചെലവു ചുരുക്കൽ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) 2004-05 വർഷം വരുമാനവും ആവശ്യകതയും തമ്മിലുണ്ടാവുമെന്ന് കണക്കാക്കിയിരിക്കുന്ന വ്യത്യാസം നികത്താനാവശ്യമായ രൂപത്തിൽ വൈദ്യുതി നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവ് സംബന്ധിച്ച് ശുപാർശ സമർപ്പിക്കാൻ അനുവദിക്കണമെന്ന് ബോർഡ്, റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2004-05 വർഷത്തേക്കുള്ള ബോർഡിന്റെ മൊത്ത വരുമാന ആവശ്യകതയും ചാർജ്ജുകളിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ചുള്ള നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) വരുമാനവും ആവശ്യകതയും തമ്മിൽ 854.19 കോടി രൂപയുടെ വ്യത്യാസമാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly